# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ
# ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

(ഹാജർ:- ശ്രീമതി. റംലത്ത് പി.)

വിഷയം: കുടുംബശ്രീ - എസ്ജെഎസ്ആർവൈ - സ്വയംതൊഴിൽ സംരംഭം- പലിശ സബ്സിഡി തുക അനുവദിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

പരാമർശം: 1. 14/8/2017-ലെ പാലക്കാട് സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ കത്ത്
2. 20/2/2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്
3. 24/2/2018-ലെ പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ NULM/8437 നമ്പർ കത്ത്

***NULM 010 ഉത്തരവ് നമ്പർ 9153/F/2015/KSHO(3) തീയതി 18..07..2018***

കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന പദ്ധതി പ്രകാരം ശ്രീമതി. സുപ്രിയക്ക് പലിശ സബ്സിഡിയായി അനുവദിച്ചിരുന്ന 37500/- രൂപയുടെ ചെക്ക് (നം. 461138/10.12.14) ബാങ്കിൽ നിന്നും തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും എന്നാൽ ടി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്ന് കുറവ് വരികയോ, ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിലേയ്ക്ക് വരവ് വരികയോ ചെയ്തിട്ടില്ലെന്നും; കാലപ്പഴക്കത്താൽ ടി ചെക്ക് ഇനി മാറാൻ കഴിയില്ലെന്നും; ആയതിനാൽ ഗുണഭോക്താവിന് കിട്ടേണ്ട ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും പരാമർശം (1) കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഈ ഓഫീസിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (3) പ്രകാരം എസ്ജെഎസ്ആർവൈ അക്കൗണ്ട് ഇപ്പോഴും നിലവിലുണ്ടെന്നും ആയത് മെമ്പർ സെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ എന്നിവരുടെ പേരിലാണെന്നും; യുപിഎ., എസ്ജെഎസ്ആർവൈ ഫണ്ടുകളുടെ പലിശയുള്ളതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ലെന്നും ശ്രീമതി. സുപ്രിയ സംരംഭം ആരംഭിച്ച് ആയത് പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മാനുഷിക പരിഗണന നൽകി ശ്രീ. സുപ്രിയയ്ക്ക് ലഭ്യമാകേണ്ട പലിശ സബ്സിഡി 37500/- രൂപ (മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) എൻയുഎൽഎം സ്വയംതൊഴിൽ സംരംഭ പദ്ധതിയുടെ വ്യക്തിഗത സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡിയിൽ (3.1)-ൽ വകയിരുത്തി തുക അനുവദിക്കുന്നതിനുള്ള അനുമതി പാലക്കാട് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

1. സെക്രട്ടറി, പാലക്കാട് നഗരസഭ
2. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, പാലക്കാട്
3. അക്കൗണ്ട്സ് സെക്ഷൻ - അറിവിലേയ്ക്കായി

പകർപ്പ്
1. സിറ്റി പ്രോജക്ട് ഓഫീസർ, മലപ്പുറം
2. സിറ്റി മിഷൻ മാനേജർമാർ, മലപ്പുറം
3. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ